**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 275

19/07/2016 - ൽ മറുപടിക്ക്

## കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.ആൻസലൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും അതിലെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പ്രാപ്തി വർദ്ധനവിനുമുള്ള വിവിധ പ്രവർത്തന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കുടുംബശ്രീക്ക് കീഴിൽ വനിതകൾക്കായി കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) കുടുംബശ്രീയ്ക്ക് കീഴിൽ വനിതകളെ/കുടുംബശ്രീ കുടുംബാംഗങ്ങളെ കൂടുതൽ തൊഴിൽ സംരംഭങ്ങളിലേയ്ക്ക് കൊണ്ടു വരുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് നൂതനമായ തൊഴിൽ മേഖലയിലേയ്ക്ക് ഇവരെ കൊണ്ടു വരുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) വയോജനങ്ങളുടെയും ഭിന്നശേഷി ഉള്ളവരുടെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഇത്തരത്തിലുള്ള മുഴുവൻ നിരാശ്രയരുടെയും അത്താണിയായി കുടുംബശ്രീയെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ സാമൂഹിക സംഘടനാ സംവിധാനത്തിൽ നിന്നും ഇതിനുള്ള ആവശ്യം ഉയർന്നുവരികയും ചില പ്രദേശങ്ങളിൽ ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>സാമൂഹ്യ നീതി, ആരോഗ്യം, പൊതു വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമായുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക തുകയൊന്നും നീക്കിവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

സിഡിഎസ്, എഡിഎസ്, അയൽക്കൂട്ട തലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കാര്യശേഷി വർദ്ധനവ്, നേതൃത്വപാടവം, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ മേഖല വികസനം, സാമൂഹ്യ വികസനം, സ്ത്രീ ശാക്തീകരണം, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ, നിയമ അവബോധം എന്നിവയിലുള്ള വിവിധ പരിശീലന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക സാക്ഷരതയും പൊതുമേഖല ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഒഴിവാക്കുന്നതും ലക്ഷ്യവച്ച് സാമ്പത്തിക സാക്ഷരതാ ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതാണ്.

നിയമ സാക്ഷരത അയൽക്കൂട്ടങ്ങൾക്ക് പകർന്നു നൽകുന്നതിനായി കെൽസ പോലുള്ള സ്ഥാപനങ്ങൾ മുഖേന ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്.

എറണാകുളം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച കെട്ടിട നിർമ്മാണ ഗ്രൂപ്പിന്റെ മാതൃകയിൽ എല്ലാ ജില്ലകളിലും വനിതകളുടെ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ ആരംഭിക്കുകയും തുടർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി കോൺട്രാക്റ്റിംഗ് ഗ്രൂപ്പുകളാക്കി മാറ്റുവാനും ഉദ്ദേശിക്കുന്നു.

ഐആർസിറ്റിസിയുമായി സംയോജിച്ച് റെയിൽവേ കാറ്ററിംഗ് ഗ്രൂപ്പുകൾ, റെയിൽവേ പാർക്കിംഗ്, കസ്റ്റമർ ലോഞ്ച് മാനേജ്മെന്റ് ഗ്രൂപ്പുകൾ എന്നിവ വിപുലപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാന-ജില്ലാ മിഷനുകളിൽ കുടുംബശ്രീ സംവിധാനത്തെ നയിക്കാൻ പ്രാപ്തരായ വിവിധ തലങ്ങളിൽ പ്രവൃത്തി പരിചയവും സമൂഹത്തിൽ പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കാൻ അർപ്പണ മനോഭാവവുമുള്ള ഉദ്യോഗസ്ഥരുടെ ടീമിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു.

പ്ലാസ്റ്റിക് നിരോധനത്തിന്റെ സാധ്യത പരിഗണിച്ച് തുണി ബാഗുകൾ/പേപ്പർ ബാഗുകളുടെ ഉത്പാദനം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

വിഷവിമുക്ത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും, ഫ്ളാറ്റുകൾ, റെസിഡൻസ് അസോസിയേഷനുകൾ, സർക്കാർ സർക്കാരേതര സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് മട്ടുപ്പാവിലും കൃഷി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

മൃഗസംരക്ഷണ മേഖലയിൽ ഹോർമോൺ വിമുക്ത ബ്രോയിലർ ചിക്കൻ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

വയോജനങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കുമായി പ്രത്യേക അയൽക്കൂട്ടങ്ങളും ഉപജീവന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നൂതന പദ്ധതികളുടെ സാധ്യത മനസ്സിലാക്കി മെട്രോ റെയിൽ, വിഴിഞ്ഞം കനേർ ടെർമിനൽ, ശുചിത്വ മിഷന്റെ സമ്പൂർണ ODF പദ്ധതി എന്നിവയിലേയ്ക്ക് തൽപരരായ കുടുംബശ്രീ വനിതകളെയും കുടുംബാംഗങ്ങളെയും കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി അവരെ മറ്റു ഉപജീവന മാർഗ്ഗങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബ്യൂറോ ഓഫ് ഫാർമ പബ്ലിക്ക് സെക്ടർ അർറ്റേക്കിംഗ് ഓഫ് ഇന്ത്യ (BPPI) നടപ്പിലാക്കുന്ന 'ജെൻ ഔഷധി' പദ്ധതിയുടെ സാധ്യത പരിഗണിച്ച് എല്ലാ സർക്കാർ/താലൂക്ക് ആശുപത്രികളിലും ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കാനും അതുവഴി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

കുടിവെള്ള പദ്ധതികൾ മലപ്പുറം മാതൃകയിൽ വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ ആരായാൻ ഉദ്ദേശിക്കുന്നു.

കുടുംബശ്രീയ്ക്ക് കീഴിൽ വനിതകളെ/കുടുംബശ്രീ കുടുംബാംഗങ്ങളെ നൂതന തൊഴിൽ/സംരംഭ മേഖലകളിലേയ്ക്ക് കൊണ്ടു വരുന്നതിനും ലക്ഷ്യമിടുന്നു.

Seenari

ചെയർമാൻ/ഓഫീസർ